# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2163 10.10.2011-ൽ മറുപടിയ്ക്ക്

## ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ്കുമാർ: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ബാണാസുരസാഗർ ജലസേചനപദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെയും നിലവിൽ നടക്കുന്ന നിർമ്മാണപ്രവൃത്തികളുടെയും പുരോഗതി അവലോകന യോഗങ്ങൾ വിളിച്ചു ചേർത്ത് വിലയിരുത്താറുണ്ട്. |
| (ബി) പടിഞ്ഞാറത്തറ ബ്രാഞ്ച് കനാൽ, വെണ്ണിയോട് ബ്രാഞ്ച് കനാൽ എന്നിവയുടെയും പ്രസ്തുത കനാലുകളുടെ ഡിസ്ട്രിബ്യൂട്ടറികളുടെയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പടിഞ്ഞാറത്തറ ബ്രാഞ്ച് കനാൽ, വെണ്ണിയോട് ബ്രാഞ്ച് കനാൽ, പ്രസ്തുത കനാലുകളുടെ ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയുമായി ബന്ധപ്പെട്ട് 12 നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ പുരോഗിക്കുന്നുണ്ട്. ഈ പദ്ധതിക്ക് വേണ്ടി ഇതുവരെ 18.1393 ഹെക്ടർ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. 43.9452 ഹെക്ടർ സ്ഥലത്തിന്റെ ഏറ്റെടുക്കൽ പൊന്നുംവില നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ഏറ്റെടുക്കലിലെ കാലതാമസം ഒഴിവാക്കി കിട്ടാൻ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഫാസ്റ്റ്ട്രാക്ക് സംവിധാനത്തിലാക്കണമെന്ന് മേലധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി എന്നേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 2014 മാർച്ചിൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ അനുവദിക്കപ്പെട്ട തസ്തികകൾ എത്ര; നിലവിലുള്ള തസ്തിക എത്ര; ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്ര എന്നിവ കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | ഈ പദ്ധതിയുടെ ഡിവിഷന് കീഴിൽ അനുവദിക്കപ്പെട്ട തസ്തികകൾ, നിലവിലുള്ള തസ്തികകൾ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ കാറ്റഗറി തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ബാണാസുരസാഗർ പദ്ധതി:

| ക്രമ നം. | തസ്തിക | അനുവദിക്കപ്പെട്ട തസ്തികകൾ | നിലവിലുള്ള തസ്തികകൾ | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ |
|---|---|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | - | 1 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 2 | - |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 6 | 3 | 3 |
| 4 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I | 3 | 1 | 2 |
| 5 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II | 12 | 5 | 7 |
| 6 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് III | 12 | 2 | 7( 3 തസ്തികകൾ സ്ഥിരമായി പുനർവിന്യാസം ചെയ്യപ്പെട്ടിട്ടുണ്ട്) |
| 7 | ട്രേസർ | 1 | 1 | - |
| 8 | ബ്ലൂ പ്രിന്റർ | 1 | 1 | - |
| 9 | ഡിവിഷണൽ അക്കൗണ്ടന്റ് | 1 | 1 | - |
| 10 | ജൂനിയർ സൂപ്രണ്ട് | 2 | 2 | - |
| 11 | ഹെഡ് ക്ലാർക്ക് | 2 | 2 | - |
| 12 | യു.ഡി.ക്ലാർക്ക് | 2 | 2 | - |
| 13 | എൽ.ഡി.ക്ലാർക്ക് | 10 | 9 | 1 |
| 14 | യു.ഡി.ടൈപ്പിസ്റ്റ് | 1 | 1 | - |
| 15 | എൽ.ഡി.ടൈപ്പിസ്റ്റ് | 4 | 4 | - |
| 16 | ഡ്രൈവർ | 2 | 2 | - |
| 17 | പ്യൂൺ | 7 | 6 | 1 |
| 18 | നൈറ്റ് വാച്ച്മാൻ | 1 | 1 | - |
| 19 | പി.ടി.സ്വീപ്പർ | 3 | 3 | - |